**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**<u>മണപ്പള്ളി പോലീസ് ഔട്ട്പോസ്റ്റ്</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5782** — **28/03/2018-ൽ മറുപടിക്ക്**

| **<u>ചോദ്യം</u>**<br>**ശ്രീ.ആർ. രാമചന്ദ്രൻ** | **<u>മറുപടി</u>**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|

| | | | |
|---|---|---|---|
| (എ). | കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ മണപ്പള്ളി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പോലീസ് ഔട്ട്പോസ്റ്റിന് പൂർണ്ണസമയ പ്രവർത്തനമുണ്ടോ;ഇവിടേക്കുള്ള ഉദ്യോഗസ്ഥരെ ഏത് സ്റ്റേഷനിൽ നിന്നാണ് വിന്യസിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) | കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ പരിധിയിൽ മണപ്പള്ളി ഔട്ട് പോസ്റ്റ് പ്രവർത്തിക്കുന്നില്ല. എന്നാൽ ഒരു എയ്ഡ് പോസ്റ്റ് നിലവിൽ പൂർണ്ണസമയം പ്രവർത്തിച്ചുവരുന്നു. ടി എയ്ഡ് പോസ്റ്റിലേക്ക് കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ, ഓച്ചിറ പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്നും ഓരോ ദിവസവും ഒരു എ.എസ്.ഐ. റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥനെയും, പോലീസ് വാഹനം ഓടിക്കുന്നതിന് ഓരോ ഡ്രൈവറെയും നിയോഗിച്ച് വരുന്നുണ്ട്. |
| (ബി) | ഇവിടെ പരാതി സ്വീകരിക്കുന്നതിനും അതിന്മേൽ നടപടി സ്വീകരിക്കുന്നതിനുമായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | മണപ്പള്ളി എയ്ഡ് പോസ്റ്റിലേയ്ക്ക് ഓരോ ദിവസവും നിയോഗിച്ചിരിക്കുന്ന പോലീസ് ഉദ്യോഗസ്ഥർ പരാതിക്കാരിൽ നിന്ന് പരാതി സ്വീകരിക്കുകയും ഇത് പോലീസിന് നേരിട്ട് കേസ് രജിസ്റ്റർ ചെയ്യാവുന്ന തരത്തിലുള്ള വിഷയങ്ങൾ ആണെങ്കിൽ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലേയ്ക്ക് അയച്ച് കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചും അല്ലാതെയുള്ള പരാതികൾ ആണെങ്കിൽ ഇരു കക്ഷികളെയും കേട്ട് പ്രശ്നം പരിഹരിച്ച് വരുന്നതുമാണ്. |
| (സി) | പരാതി സമർപ്പിച്ച് തുടർനടപടി അന്വേഷിക്കുന്നതിന് ഇവിടെയെത്തുമ്പോൾ മറ്റൊരുദ്യോഗസ്ഥൻ ഈ ഓഫീസിന്റെ ചുമതല നിർവ്വഹിക്കുന്ന അവസ്ഥ നിലനിൽക്കുന്നതിനാൽ ഇവിടെ ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ;? | (സി) | മണപ്പള്ളിയിൽ നിന്നും ഒരു കിലോമീറ്റർ മാത്രം ദൂരപരിധിയുള്ള പാവുമ്പ എന്ന സ്ഥലത്ത് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ശുപാർശ ജില്ലാ പോലീസ് മേധാവി, പോലീസ് ആസ്ഥാനത്ത് നൽകിയിട്ടുള്ളതും പുതുതായി ആരംഭിക്കുവാനുള്ള പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാ പട്ടികയിൽ പാവുമ്പയേയും ഉൾപ്പെടുത്തി ഉചിതമായ തീരുമാനമെടുക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**